പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6335 03/04/2018-ന് മറുപടിയ്ക്ക്

ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി നടപടികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ദളിത് ക്രൈസ്തവരുടെ എണ്ണം സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; | ഇല്ല |
| (ബി) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ സമൂഹത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഇവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഇല്ല |
| (സി) വിദ്യാഭ്യാസ, ജോലി സംവരണത്തിന് ഈ വിഭാഗത്തിന് അർഹതയുണ്ടോ; എത്ര വീതം സംവരണമാണ് ഇവർക്ക് ഇപ്പോൾ നൽകി വരുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | വിദ്യാഭ്യാസത്തിൽ മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി 1% സംവരണം അനുവദിക്കുന്നു. ഉദ്യോഗ നിയമനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 2%-ഉം, ലാസ്റ്റ് ഗ്രേഡിതര തസ്തികകളിൽ 1% സംവരണം other X'an എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. |
| (ഡി) മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസ,ജോലി സംവരണം ഏർപ്പെടുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | നടപടി സ്വീകരിച്ചിട്ടില്ല |
| (ഇ) പിന്നോക്കാവസ്ഥയിൽ കഴിയുന്ന ദളിത് ക്രൈസ്തവർക്ക കൂടി വിദ്യാഭ്യാസ, ജോലി കാര്യങ്ങളിൽ പ്രത്യേക സംവരണം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | പ്രത്യേക സംവരണം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ